**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3638 — 19.02.2013 ൽ മറുപടിക്ക്

**<u>തിരിച്ചറിയൽ കാർഡുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| എ) | ആധാർ തിരിച്ചറിയൽ കാർഡും എൻ.പി.ആർ തിരിച്ചറിയൽ കാർഡും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | ആധാർ12 അക്ക ഏകീകൃത തിരിച്ചറിയൽ നമ്പറും എൻ.പി.ആർ പൗരത്വ രേഖയുമാണ്. എന്നാൽ ആധാർ എൻറോൾമെന്റ് സെന്റർ വഴിയും എൻ.പി.ആർ വഴിയും വിവരശേഖരണത്തിലൂടെ ലഭിക്കുന്നത് ഒരു 12 അക്ക ഏകീകൃത തിരിച്ചറിയൽ സംഖ്യയാണ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള സെൻസസ് ഡയറക്ടറാണ് ദേശീയ ജനസംഖ്യ രജിസ്റ്റർ (NPR) തയ്യാറാക്കുന്നത് എങ്കിൽ യുണിക്ക് എഡൻറ്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇൻഡ്യ (UIDAI) യാണ് ആധാർ പദ്ധതി നടപ്പാക്കുന്നത്. NPR 5 വയസ്സിനു മുകളിൽ ഉള്ളവർക്ക് നിർബന്ധമാണെങ്കിൽ ആധാർ ഇതുവരെ നിർബന്ധമാക്കിയിട്ടില്ല. |
| (ബി) | എൻ.പി.ആർ-ൽ ഉള്ളതിൽ കൂടുതലായി എന്തൊക്കെ വിവരങ്ങളാണ് ആധാർ കാർഡിൽ ഉൾ ക്കൊള്ളിച്ചിട്ടുള്ളത്; | (ബി) | കൂടുതലായി ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. |
| (സി) | ആധാറിൽ ഉള്ള അത്രയും വിവരങ്ങൾ എൻ.പി.ആർ-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് എൻ. പി. ആർ -ഉം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) | ആധാർ / എൻ പി ആർ വിവരശേഖരണത്തിലൂടെ ലഭിക്കുന്നത് 12 അക്ക ആധാർ നമ്പർ ആയതിനാൽ ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശം ഒന്നും നൽകേണ്ടതായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**